"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസ വകുപ്പ് - പാലക്കാട് കണ്ണാടി ഹയർ സെക്കന്ററി സ്കൂൾ മാനേജർ ശ്രീ. കെ.ആർ. കൊച്ചുകൃഷ്ണൻ ഫയൽ ചെയ്ത WP(C)No. 42533/2022-ന്മേൽ ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച 23.12.2022-ലെ വിധിന്യായം നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്

G.O.(Rt)No.3214/2023/GEDN തീയതി, തിരുവനന്തപുരം, 02-06-2023

---

പരാമർശം:-

1. പാലക്കാട് കണ്ണാടി ഹയർ സെക്കന്ററി സ്കൂൾ മാനേജർ ശ്രീ. കെ.ആർ. കൊച്ചുകൃഷ്ണൻ സർക്കാരിൽ സമർപ്പിച്ച 16/10/2020 തീയതിയിലെ പരിശോധനാ ഹർജി (Ext.P9).
2. ബഹു. കേരള ഹൈക്കോടതിയുടെ 23.12.2022-ലെ W.P.(C) No. 42533/2022-ന്മേലുള്ള വിധിന്യായം.
3. പാലക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 18/03/2023 DEO/PKD/370/2023-B4 നമ്പർ കത്ത്.
4. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 20/03/2023 തീയതിയിലെ EM1/3912/2013 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പാലക്കാട് കണ്ണാടി ഹയർ സെക്കന്ററി സ്കൂൾ മാനേജർ ശ്രീ. കെ.ആർ. കൊച്ചുകൃഷ്ണൻ ഫയൽ ചെയ്ത WP(C)No.42533/2022-ന്മേൽ ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച പരാമർശം (2) വിധിന്യായത്തിൽ ഹർജിക്കാരൻ സർക്കാരിൽ സമർപ്പിച്ച പരാമർശം 1 (Ext. P9) പുനഃപരിശോധനാ ഹർജി ഹർജിക്കാരനെയും 5 -ാം എതിർകക്ഷിയെയും കേട്ട് തീർപ്പാക്കുന്നതിന് റിട്ട് ഹർജിയിലെ ഒന്നാം എതിർകക്ഷിയായ പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ, ഹർജിക്കാരനായ സ്കൂൾ മാനേജരുടെയും 5-ാം എതിർകക്ഷി ശ്രീമതി.ദിവ്യ ഡി.യുടെയും പൊതുപ്രതിനിധി, പാലക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ പ്രതിനിധി എന്നിവരെ 26.04.2023 തീയതിയിൽ ഗൂഗിൾ മീറ്റ് സംവിധാനം മുഖേന കേട്ടു.

2. ഹർജിക്കാരായ സ്കൂൾ മാനേജരുടെയും ശ്രീമതി.ദിവ്യ

ഡി.യുടെയും വാദങ്ങൾ ഇപ്രകാരമാണ് :

പാലക്കാട് വിദ്യാഭ്യാസ ജില്ലയിൽപ്പെട്ട കണ്ണാടി ഹയർ സെക്കന്ററി സ്കൂളിൽ എച്ച്.എസ്.ടി.(ഇംഗ്ലീഷ്) തസ്തികയിൽ 9.10.2019 മുതൽ നിലവിലുണ്ടായിരുന്ന വിരമിക്കൽ ഒഴിവിൽ നിയമിക്കപ്പെട്ട റിട്ട് ഹർജിയിലെ 5-ാം എതിർകക്ഷിയായ ശ്രീമതി. ദിവ്യ ഡി.യുടെ നിയമനം അംഗീകരിക്കുന്നതിനാണ് മാനേജർ അപേക്ഷിച്ചിട്ടുള്ളത്. ഹർജിക്ക് ആസ്പദമായ വസ്തുതകൾ നിലവിലുള്ള ചട്ടങ്ങൾക്കും ഉത്തരവുകൾക്കും കോടതി വിധിക്കും അനുസൃതമായി പരിഗണനയിലെടുത്ത് ഉത്തരവ് പുറപ്പെടുവിക്കുന്നതിനായി താഴെ പറയുംപ്രകാരം സമർപ്പിക്കുന്നു.

കണ്ണാടി ഹയർ സെക്കന്ററി സ്കൂൾ മാനേജർ ശ്രീമതി. ദിവ്യ ഡി.യെ 9.10.2019 മുതൽ എച്ച്.എസ്.ടി.(ഇംഗ്ലീഷ്) തസ്തികയിൽ വിരമിക്കൽ മൂലമുണ്ടായ ഒഴിവിൽ നിയമിച്ചു. ഈ സ്കൂളിൽ റഗുലർ എച്ച്.എസ്.ടി.(ഇംഗ്ലീഷ്) തസ്തികയിൽ സേവനം അനുഷ്ഠിച്ചിരുന്ന ശ്രീമതി. രാഗിണി ആർ. 31.5.2019-ൽ സർവ്വീസിൽ നിന്നും വിരമിച്ചതിനെ തുടർന്നുണ്ടായ ഒഴിവിലാണ് ശ്രീമതി. ദിവ്യ ഡി.യെ നിയമിച്ചതെന്ന് നിയമന ഉത്തരവിൽ നിന്നും കാണാവുന്നതാണ്.

ശ്രീമതി. ദിവ്യ ഡി. താഴെ പറയുന്ന യോഗ്യതകൾ നേടിയ അദ്ധ്യാപികയാണ്-

1. ബി.എ. (ഇംഗ്ലീഷ്) - കാലിക്കറ്റ് യുണിവേഴ്സിറ്റി
2. എം.എ. (ഇംഗ്ലീഷ്) - കാലിക്കറ്റ് യുണിവേഴ്സിറ്റി
3. ബി.എഡ്. (ഇംഗ്ലീഷ്) - കാലിക്കറ്റ് യുണിവേഴ്സിറ്റി.

കൂടാതെ ടിയാൾ താഴെ പറയുന്ന ടെസ്റ്റ് യോഗ്യതകളും നേടിയിട്ടുള്ളതാണ്.

1. സെറ്റ് (ഇംഗ്ലീഷ്) 2. കെ-ടെറ്റ് കാറ്റഗറി 3

അതിനാൽ ശ്രീമതി. ദിവ്യ ഡി. എച്ച്.എസ്.ടി.(ഇംഗ്ലീഷ്) തസ്തികയിലേക്ക് നിയമിക്കപ്പെടുന്നതിന് പരിപൂർണ്ണയോഗ്യത നേടിയ അദ്ധ്യാപികയാണ്.

ശ്രീമതി. ദിവ്യ ഡി.യുടെ 9.10.2019 മുതലുള്ള എച്ച്.എസ്.ടി (ഇംഗ്ലീഷ്) തസ്തികയിലെ നിയമനം അംഗീകരിക്കുന്നതിനായി മാനേജർ പാലക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് ശുപാർശ സമർപ്പിച്ചു. എന്നാൽ താഴെ പറയുന്ന കാരണങ്ങളാൽ നിയമനാംഗീകാരം നിരസിച്ചു-

1. സ്കൂൾ പുതുതായി തുറന്ന സ്കൂളായതിനാൽ 1:1 അനുപാതത്തിൽ (സംരക്ഷിതാദ്ധ്യാപകനെ/മാനേജർ നിയമിക്കുന്ന അദ്ധ്യാപകൻ എന്നീ ക്രമത്തിലാണ്) നിയമനം നടത്തേണ്ടതാണ്.

2. ഈ ഒഴിവിലേക്ക് 12.6.2019-ൽ നടത്തിയ ശ്രീമതി. രമ്യയുടെ നിയമനം ഈ കാര്യാലയത്തിൽ നിന്നും നിരസിച്ച് നൽകിയിട്ടുണ്ട്.

3. മേൽപ്പറഞ്ഞ കാരണങ്ങളാൽ ശ്രീമതി. ദിവ്യ ഡി.യുടെ 9.10.2019-ലുള്ള എച്ച്.എസ്.ടി(ഇംഗ്ലീഷ്) തസ്തികയിലെ നിയമനം 18.2.2019-ലെ

കെ.ഡി.സ്/ബി4/165/96/2019 നമ്പർ ഉത്തരവ് പ്രകാരം പാലക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിച്ചു.

പാലക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ പ്രസ്തുത ഉത്തരവിനെതിരെ മാനേജർ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് റിവിഷൻ ഹർജി ഫയൽ ചെയ്തു. എന്നാൽ 2018-19-ൽ 4 എച്ച്.എസ്.ടി (ഇംഗ്ലീഷ്) തസ്തികകളാണ് അനുവദിച്ചതെങ്കിലും റോളിലുണ്ടായിരുന്ന 5-ാമത്തെ എച്ച്.എസ്.ടി.(ഇംഗ്ലീഷ്) ആയ ശ്രീമതി. കൃഷ്ണപ്രിയയെ 1:40 അനുപാതത്തിൽ നിലനിർത്തിയിരുന്നു. 2019-20 വർഷത്തിൽ 5 എച്ച്.എസ്.ടി (ഇംഗ്ലീഷ്) തസ്തികകളിൽ 5-ാമത്തെ തസ്തികയിലാണ് ഹർജിക്കാരിയുടെ നിയമനം എന്നും, അതിനാൽ അധിക തസ്തികയിലെ നിയമനമായതിനാൽ സംരക്ഷിതാദ്ധ്യാപകനെയാണ് നിയമിക്കേണ്ടത് എന്നുമുള്ള കാരണത്താൽ ഹർജിക്കാരിയുടെ നിയമനം നിരസിച്ചുകൊണ്ടാണ് പൊതുവിദ്യാഭ്യാസ ഡയറക്ടർ 5.8.2020-ലെ ഇ.എം.1/664/2020/ഡി.ജി.ഇ പ്രകാരം ഉത്തരവായത്. പ്രസ്തുത ഉത്തരവിൽ ഒരു സംരക്ഷിതാദ്ധ്യാപകൻ ഈ സ്കൂളിൽ തുടർന്നുവരുന്നുണ്ടെന്നും പൊതുവിദ്യാഭ്യാസ ഡയറക്ടർ വ്യക്തമാക്കിയിട്ടുള്ളതാണ്.

താഴെ പറയുന്ന കാരണങ്ങളാൽ ശ്രീമതി. ദിവ്യ ഡി.യുടെ 9.10.2019 പ്രാബല്യത്തിലുള്ള എച്ച്.എസ്.ടി (ഇംഗ്ലീഷ്) തസ്തികയിലെ നിയമനം നിയമന തീയതി മുതൽ നോഷണലായും 6.2.2021 പ്രാബല്യത്തിൽ ശമ്പള സ്കെയിലിലും അംഗീകരിച്ച് ഉത്തരവാകാവുന്നതാണ്

1. ശ്രീമതി. കൃഷ്ണപ്രിയ എച്ച്.എസ്.എ (ഇംഗ്ലീഷ്) 2017-18-ലാണ് 1:40 അനുപാതത്തിൽ നിലനിന്നിരുന്നത്. ടിയാളെ റഗുലർ തസ്തികയിൽ അടുത്ത അക്കാദമിക വർഷം (2018-19) തന്നെ ഉൾക്കൊള്ളിച്ചിട്ടുള്ളതുമാണ്. അതിനാൽ ഈ തടസ്സവാദം നിലനിൽക്കുന്നില്ല.

2. 31.5.2019-ലാണ് ശ്രീമതി. രാഗിണി സർവ്വീസിൽ നിന്നും വിരമിക്കുന്നത്. എന്നാൽ 2018-19 അക്കാദമിക വർഷം 21 ഡിവിഷനുകളും 21 എച്ച്.എസ്.എ. കോർ സബ്ജക്ട് അദ്ധ്യാപക തസ്തികകളുമാണ് ഈ സ്കൂളിൽ തസ്തിക നിർണ്ണയ ഉത്തരവിൽ അനുവദിച്ചിരുന്നത്. 2019-20 വർഷം 2 ഡിവിഷനുകൾ കൂടി അധികമായി അനുവദിക്കുകയും താഴെപറയും പ്രകാരമുള്ള ഡിവിഷനുകളും തസ്തികകളും നിലവിൽ വരികയും ചെയ്തു.

| അനുവദിച്ച ഡിവിഷനുകൾ | എച്ച്.എസ്.എ (പി.എസ്) | നാച്വറൽ സയൻസ് | ഗണിതം | എസ്.എസ് | ഇംഗ്ലീഷ് | ആകെ |
|---|---|---|---|---|---|---|
| 23 | 5 | 3 | 5 | 5 | 5 | 23 |

അതിനാൽ 15.7.2019 മുതലാണ് 5 എച്ച്.എസ്.എ.(ഇംഗ്ലീഷ്) തസ്തിക നിലവിൽ വരുന്നത്. 5-ാമത്തെ എച്ച്.എസ്.എ(ഇംഗ്ലീഷ്) തസ്തികയിലാണ് ശ്രീമതി. ദിവ്യ

ഡി.യെ നിയമിച്ചിട്ടുള്ളത്. അതിനാൽ അധിക തസ്തികയിലെ നിയമനമായി പരിഗണിക്കപ്പെടേണ്ടതാണ്.

**3.** ഈ വിഷയത്തിൽ **6.2.2021**-ലെ ജി.ഒ.(പി)**4/2021**/പൊ.വി.വ-ലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. പ്രസ്തുത ഉത്തരവിൽ **2019-20** വരെ അധിക തസ്തികയിൽ നിയമിക്കപ്പെട്ടവരും നിയമനാംഗീകാരമില്ലാതെ തുടരുന്നവരുമായ അദ്ധ്യാപകരുടെ നിയമനങ്ങൾ അംഗീകരിക്കുന്നതിന് ഭാവിയിൽ ഉണ്ടാകുന്ന ഒഴിവുകളിൽ സംരക്ഷിതാദ്ധ്യാപകരെ നിയമിക്കുന്നപക്ഷം നിയമന തീയതി മുതൽ നോഷണലായും **6.2.2021** മുതൽ ശമ്പളസ്കെയിലിലും അംഗീകരിക്കാമെന്ന് സർക്കാർ ഉത്തരവായിട്ടുള്ളതാണ്. ഇപ്രകാരം മാനേജർ **6.2.2021**-ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സത്യവാങ് മൂലം സമർപ്പിച്ചിടുള്ളതാണ്.

**4. 6.2.2021**-ലെ ജി.ഒ.(പി)**4/2021**/പൊ.വി.വ-ൽ നിഷ്കർഷിക്കുന്ന സത്യവാങ്മൂലം മാനേജർ സമർപ്പിച്ചിട്ടുള്ള സാഹചര്യത്തിൽ ഈ സ്കൂളിൽ എച്ച്.എസ്.എ.(പി.എസ്) തസ്തികയിൽ നിയമിക്കപ്പെട്ട ശ്രീമതി. ആര്യ ഭരതന്റെയും ശ്രീമതി. ഏലിയാമ്മയുടെയും നിയമനങ്ങൾ നിയമന തീയതി മുതൽ നോഷണലായും **6.2.2021** മുതൽ ശമ്പള സ്കെയിലിലും അംഗീകരിച്ചിട്ടുള്ളതാണ്.. **6.2.2021**-ലെ ജി.ഒ.(പി)**4/2021**/പൊ.വി.വ-ൽ നിഷ്കർഷിക്കുന്ന സത്യവാങ്മൂലം മാനേജർ സമർപ്പിച്ചിട്ടുള്ള സാഹചര്യത്തിൽ ഈ സ്കൂളിൽ എച്ച്.എസ്.എ.(പി.എസ്) തസ്തികയിൽ നിയമിക്കപ്പെട്ട ശ്രീമതി. ആര്യ ഭരതന്റെയും ശ്രീമതി. ഏലിയാമ്മയുടെയും നിയമനങ്ങൾ നിയമന തീയതി മുതൽ നോഷണലായും **6.2.2021** മുതൽ ശമ്പള സ്കെയിലിലും അംഗീകരിച്ചിട്ടുള്ളതാണ്.

**5.** പാലക്കാട് സർവ്വജന ഹൈസ്കൂളിൽ നിന്നും തസ്തിക നഷ്ടപ്പെട്ട എച്ച്.എസ്.എ.(ഗണിതം) അദ്ധ്യാപകനായ ശ്രീ. വിജുവിനെ സംരക്ഷണാദ്ധ്യാപകനായി ഈ സ്കൂളിൽ നിയമിച്ചിട്ടുള്ളതും ടിയാൾ ഇപ്പോഴും തുടർന്നുവരുന്നതുമാണ്.

**6.** ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട് കേരളാ ഹൈക്കോടതി ഡിവിഷൻ ബെഞ്ചിന്റെ **WA No. 1445/2022** നമ്പർ റിട്ട് അപ്പീലിലെ **13.3.2022**-ലെ വിധിന്യായത്തിൽ **18.11.2021** വരെയുള്ള നിയമനങ്ങൾക്ക് ഭിന്നശേഷി സംവരണം ഒഴിവാക്കി കോടതി വിധിയായിട്ടുള്ളതാണ്.

മേൽപ്പറഞ്ഞ സാഹചര്യത്തിൽ ശ്രീമതി. ദിവ്യ ഡി.യുടെ എച്ച്.എസ്.ടി.(ഇംഗ്ലീഷ്) തസ്തികയിലെ നിയമനം ഫലത്തിൽ അധിക തസ്തികയിലെ നിയമനമായതിനാൽ **6.2.2021**-ലെ ജി.ഒ.(പി)**4/2021**/പൊ.വി.വ പ്രകാരം ടിയാളുടെ അധിക തസ്തികയിലെ നിയമനം നിയമന തീയതിയായ **9.10.2019** മുതൽ നോഷണലായും **6.2.2021** മുതൽ ശമ്പള സ്കെയിലിലും അംഗീകരിച്ച് ഉത്തരവാകണമെന്നും തദനുസൃതമായി പാലക്കാട് ജില്ലാ വിദ്യാഭ്യാസ

ഓഫീസർക്ക് നിർദ്ദേശം നൽകി കോടതി വിധി നടപ്പാക്കണമെന്നും അപേക്ഷിക്കുന്നു.

**3. പൊതുവിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ട് ചുവടെ ചേർക്കുന്നു. :**

കണ്ണാടി ഹയർ സെക്കണ്ടറി സ്കൂളിൽ ശ്രീമതി ദിവ്യ ഡി. ഇംഗ്ളീഷ് അധ്യാപികയായി 9/10/2019 മുതൽ നിയമിക്കപ്പെട്ടത് അതേ സ്കൂളിലെ ഇംഗ്ളീഷ് അധ്യാപികയായ ശ്രീമതി രാഗിണി ആർ. സർവീസിൽ നിന്ന് വിരമിച്ച ഒഴിവിൽ ആയിരുന്നു. ശ്രീമതി ദിവ്യയുടെ നിയമനത്തിന് മുൻപ് ശ്രീമതി രാഗിണിയുടെ റിട്ടയർമെന്റ് ഒഴിവിൽ ശ്രീമതി രമ്യ എം.നെ 12/6/2019 മുതൽ നിയമിച്ചിരുന്നു. നിയമന അംഗീകാരം ലഭിക്കുന്നതിന് മുൻപ് തന്നെ ശ്രീമതി രമ്യ രാജി വയ്ക്കുകയും അപ്രകാരം ഉണ്ടായ ഒഴിവിൽ ആണ് ദിവ്യയെ 9/10/2019 മുതൽ നിയമിച്ചത്. രമ്യ രാജിക്കത്ത് മാനേജർക്ക് സമർപ്പിച്ചിട്ടുണ്ട്.

കണ്ണാടി ഹൈസ്കൂൾ ന്യൂലി ഓപൺഡ് സ്കൂൾ ആണ്. മാനേജർ സമർപ്പിച്ചിരിക്കുന്ന നിയമന ഉത്തരവിൽ ശ്രീമതി ദിവ്യയെ നിയമിച്ചിരിക്കുന്നത് ഇംഗ്ളീഷ് അധ്യാപിക ആയിരുന്ന ശ്രീമതി രാഗിണി ആർ.ന്റെ റിട്ടയർമെന്റ് ഒഴിവിൽ എന്നാണ്. ശ്രീമതി ദിവ്യ ഡി.യുടെ നിയമനം സംരക്ഷിത അധ്യാപക അനുപാതം പാലിച്ചില്ല എന്ന കാരണത്താലാണ് ജില്ല വിദ്യാഭ്യാസ ആഫീസർ നിരസിച്ചത്. പൊതുവിദ്യാഭ്യാസ ഡയറക്ടറും ഈ നിയമനം നിരസിച്ചു.

മേൽ സ്കൂളിൽ 2018-2019 വർഷത്തിൽ 4 എച്ച്.എസ്.എ. (ഇംഗ്ളീഷ്) തസ്തിക അനുവദിച്ചിരുന്നു. റോളിലുണ്ടായ 5-ാമത്തെ എച്ച്.എസ്.ടി. ഇംഗ്ളീഷ് അധ്യാപികയായ ശ്രീമതി കൃഷ്ണപ്രിയ 1:40 അനുപാതത്തിൽ ഇതേ വർഷം നിലനിർത്തിയിരുന്നു. 2019-2020 വർഷത്തിൽ 5 തസ്തികകൾ അനുവദിക്കപ്പെട്ടു. 5-ാമത്തെ തസ്തിക അധികതസ്തിക എന്ന നിലയിൽ കണക്കാക്കിയാണ് സംരക്ഷിത അധ്യാപക നിയമനം നടത്തിയില്ല എന്ന കാരണത്താൽ ഹർജി ഈ ആഫീസ് നിരസിച്ചത്. ഇപ്രകാരമുള്ള തസ്തിക അധികതസ്തികയായല്ലാതെ കണക്കാക്കുവാൻ പ്രസ്തുത വർഷം സർക്കാർ ഉത്തരവുകളൊന്നും നൽകിയിട്ടില്ല. അതിനാൽ വിരമിക്കൽ ഒഴിവാണെങ്കിലും തസ്തിക അധികമായുണ്ടായതാണ്.

സർക്കാരിന്റെ 28/2/2019-ലെ സ.ഉ.(പി)നം.3/2019/പൊവിവ, 8/3/2019-ലെ ജെ2/57/2019/പൊവിവ നം സർക്കുലർ എന്നിവ പ്രകാരം അധിക തസ്തികയിൽ നടത്തിയ നിയമനങ്ങൾക്ക് 1:1 അനുപാതത്തിൽ സംരക്ഷിത അധ്യാപകരെ നിയമിക്കണമെന്ന് നിർദ്ദേശം ഉണ്ടായിരുന്നു. സർക്കാരിന്റെ 6/2/2021-ലെ സ.ഉ.(പി)നം.4/2021/പൊവിവ-ൽ എയ്ഡഡ് സ്കൂളിലെ മാനേജർമാർ അധ്യാപക ബാങ്കിൽ നിന്ന് നിയമാനുസൃതം നിയമിക്കേണ്ട ഒഴിവിലേക്ക് സംരക്ഷിത അധ്യാപകരെ നിയമിച്ച് ഉത്തരവാകുകയോ

/ഭാവിയിലുണ്ടാകുന്ന ഒഴിവിൽ നിയമിക്കാമെന്ന സത്യപ്രസ്താവന നൽകുകയോ ചെയ്യുന്ന തിയതി മുതൽ കെഇആർ വ്യവസ്ഥകളിൽ താൽക്കാലിക ഇളവ് നൽകി നിയമന അംഗീകാരം നൽകാവുന്നതാണ് എന്ന് ഖണ്ഡിക **4(2)** പ്രകാരം ഉത്തരവായിരുന്നു.

അതിനാൽ ശ്രീമതി ദിവ്യയുടെ നിയമനം അംഗീകരിക്കുന്നതിന് ഉണ്ടായ തടസ്സം ഇപ്പോൾ നിലനിൽക്കുന്നില്ല എന്ന വിവരം റിപ്പോർട്ട് ചെയ്യുന്നു. എന്നാൽ അപേക്ഷയിൽ ആവശ്യപ്പെടുന്ന പ്രകാരം വിരമിക്കൽ ഒഴിവ് എന്ന നിലയിലെ ആനുകൂല്യങ്ങൾ നൽകാനാവുകയില്ല എന്നും **18/11/2018**-ന് ശേഷമുള്ള നിയമനങ്ങൾക്ക് ഭിന്നശേഷി നിയമന വ്യവസ്ഥകൾ പാലിക്കപ്പെടേണ്ടതുണ്ടെന്നും അഭിപ്രായപ്പെടുന്നു.

**4.** സർക്കാർ, ഹർജിക്കാരന്റെയും **5**-ാം എതിർകക്ഷിയുടെയും വാദങ്ങളും സമർപ്പിച്ച രേഖകളും വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ടിന്റെയും ബന്ധപ്പെട്ട ചട്ടങ്ങൾ/ഉത്തരവുകൾ, കോടതി വിധിന്യായങ്ങൾ എന്നിവയുടെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. ശ്രീമതി.ദിവ്യ ഡി.യുടെ എച്ച്.എസ്.ടി. (ഇംഗ്ലീഷ്) തസ്തികയിലെ നിയമനം നിയമനതീയതിയായ **09.10.2019** മുതൽ നോഷണലായും **06.02.2021** മുതൽ ശമ്പളസ്കെയിലിലും അംഗീകരിച്ചു നൽകുന്നതിന് പാലക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകണമെന്നതാണ് ഹർജിയിലെ ആവശ്യം. ഇംഗ്ലീഷ് അധ്യാപികയായ ശ്രീമതി.രാഗിണി ആർ. സർവ്വീസിൽ നിന്നും വിരമിച്ച ഒഴിവിൽ ശ്രീമതി.രമ്യ എം.നെ **12.06.2019** തീയതിയിൽ നിയമിച്ചുവെങ്കിലും ടിയാരി നിയമനാംഗീകാരം ലഭിക്കുന്നതിനു മുൻപു തന്നെ രാജി വച്ചതിനെ തുടർന്നാണ് ടി ഒഴിവിൽ **09.10.2019** മുതൽ ശ്രീമതി.ദിവ്യ ഡി.യെ മാനേജർ നിയമിച്ചത്. കണ്ണാടി സ്കൂൾ പുതുതായി ആരംഭിച്ച സ്കൂളായതിനാൽ, സംരക്ഷിത അധ്യാപക അനുപാതം പാലിക്കാത്തതിനാൽ ടിയാരിയുടെ നിയമനം നിരസിക്കപ്പെട്ടു. **2018-2019** വർഷത്തിൽ **4** എച്ച്.എസ്.എ.(ഇംഗ്ലീഷ്) തസ്തികയും **2019-20** വർഷത്തിൽ **5** തസ്തികകളും അനുവദിക്കുകയും, **5**-ാമത്തെ തസ്തിക അധിക തസ്തിക എന്ന് കണക്കാക്കി സംരക്ഷിത അധ്യാപക നിയമനം നടത്തിയില്ല എന്ന കാരണത്താൽ നിയമനം നിരസിച്ചുവെന്നും, ടി തസ്തിക അധിക തസ്തികയായല്ലാതെ കണക്കാക്കുവാൻ പ്രസ്തുത വർഷം സർക്കാർ ഉത്തരവുകളൊന്നും നൽകിയിട്ടില്ലാത്തതിനാൽ വിരമിക്കൽ ഒഴിവാണെങ്കിലും തസ്തിക അധികമായുണ്ടായതാണെന്നും, സ.ഉ.(പി)നം.**4/2021**/പൊ.വി.വ. തീയതി **06.02.2021** പ്രകാരം മാനേജർ സംരക്ഷിത അധ്യാപകരെ നിയമിക്കാമെന്ന സത്യപ്രസ്താവന നൽകുന്ന പക്ഷം, ടിയാരിയുടെ നിയമനം നിയമനത്തീയതി മുതൽ നോഷണലായും സത്യപ്രസ്താവന നൽകുന്ന തീയതി മുതൽ സാമ്പത്തികാനുകൂല്യത്തോടെയും ഭിന്നശേഷി സംവരണം പാലിച്ചുകൊണ്ട് അംഗീകാരം നൽകാവുന്നതാണെന്നും വിദ്യാഭ്യാസ ഓഫീസർമാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**5. 06.02.2021** തീയതിയിലെ സ.ഉ.(പി)നം.**4/2021**/പൊ.വി.വ., **25.02.2021** തീയതിയിലെ സർക്കാർ കത്ത് നം. **J2/87/2020**/പൊ.വി.വ. പ്രകാരമുള്ള സ്പഷ്ടീകരണം എന്നിവ പ്രകാരം, മാനേജർ സംരക്ഷിത അധ്യാപകരെ നിയമിക്കാമെന്ന സത്യപ്രസ്താവന സമർപ്പിക്കുന്ന പക്ഷം അഡീഷണൽ തസ്തിക, ദീർഘകാല അവധി എന്നിവ ഉൾപ്പെടെ മുഴുവൻ നിയമനങ്ങളും (**HTV** ഒഴികെ), മറ്റു തരത്തിൽ യോഗ്യരെങ്കിൽ, നിയമനത്തീയതി മുതൽ നോഷണലായും, ടി ഉത്തരവ് തീയതി മുതൽ അതായത്, **06.02.2021** മുതൽ സാമ്പത്തികാനുകൂല്യത്തോടെയും അംഗീകരിക്കാവുന്നതാണെന്ന് നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്.

**6.** മേൽ സാഹചര്യത്തിൽ, കണ്ണാടി ഹയർ സെക്കന്ററി സ്കൂളിലെ ശ്രീമതി.ദിവ്യ ഡി.യുടെ ഹൈസ്കൂൾ ടീച്ചർ (ഇംഗ്ലീഷ്) അധിക തസ്തികയിലെ നിയമനം, മാനേജർ സംരക്ഷിത അധ്യാപക നിയമനം സംബന്ധിച്ച സത്യപ്രസ്താവന സമർപ്പിക്കുന്ന മുറയ്ക്കും, ഭിന്നശേഷി സംവരണം സംബന്ധിച്ച വ്യവസ്ഥകൾ പാലിച്ചും, മറ്റു വിധത്തിൽ ക്രമപ്രകാരമെങ്കിൽ, നിയമനത്തീയതിയായ **09.10.2019** മുതൽ നോഷണലായും **06.02.2021** മുതൽ സാമ്പത്തികാനുകൂല്യങ്ങളോടെയും അംഗീകരിച്ച് നൽകാൻ പാലക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകി, പാലക്കാട് കണ്ണാടി ഹയർ സെക്കന്ററി സ്കൂൾ മനേജർ ശ്രീ. കെ.ആർ.കൊച്ചുക്യൃഷ്ണൻ സർക്കാരിൽ സമർപ്പിച്ച പരാമർശം **1** പരിശോധനാ ഹർജി (**Ext.P9**) തീർപ്പാക്കി, അപ്രകാരം ബഹു. കേരള ഹൈക്കോടതിയുടെ പരാമർശം **2** വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**REENA O**

**UNDER SECRETARY**

പകർപ്പ്:-

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
വിദ്യാഭ്യാസ ഉപഡയറക്ടർ, പാലക്കാട്.
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, പാലക്കാട്.
മാനേജർ, കണ്ണാടി ഹയർ സെക്കന്ററി സ്കൂൾ, കണ്ണാടി, പാലക്കാട്.
പ്രിൻസിപ്പൽ, കണ്ണാടി ഹയർ സെക്കന്ററി സ്കൂൾ, കണ്ണാടി, പാലക്കാട്.
ശ്രീമതി. ദിവ്യ ഡി., ഹൈസ്കൂൾ ടീച്ചർ(ഇംഗ്ലീഷ്),
കണ്ണാടി ഹയർ സെക്കന്ററി സ്കൂൾ, കണ്ണാടി, പാലക്കാട്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ( എ&ഇ, ആഡിറ്റ്),
തിരുവനന്തപുരം.

വിവര പൊതുജന സമ്പർക്ക (വെബ്ബ് & ന്യൂ മീഡിയ) വകുപ്പ്
(സർക്കാർ വെബ്ബ് സൈറ്റിൽ പ്രസിദ്ധീകരിയ്ക്കാൻ)
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by
Shahna Kumari S L
Date: 03-06-2023 12:00:38

സെക്ഷൻ ഓഫീസർ